# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3336      10-12-2018 -ൽ മറുപടിക്ക്

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. എൽദോ എബ്രഹാം | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പ്രളയസമയത്ത് നടന്ന രക്ഷാ ദൗത്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സമാനതകളില്ലാത്ത രക്ഷാ പ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാട് ഒരുമിച്ചുനിന്നു. സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്.<br>നാടിന്റെ പൊതുജീവിതം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വിവിധ ജനവിഭാഗങ്ങൾ ഒരുമിച്ചുനിന്നു. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും, വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വൈദ്യുതി, ശുദ്ധജല വിതരണം പുനഃസ്ഥാപിക്കുന്നതിനും, പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ കൈക്കൊള്ളുന്നതിനും നമുക്ക് വിജയിക്കാനായി. |
| ബി) | ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും ദുരന്ത ബാധിതരുടെ പുനരധിവാസത്തിനും നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ ; | ബി) & സി) | ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും, സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23.11.2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന |
| സി) | ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ദുരന്തമുഖത്ത് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനും ഒരുക്കിയിരുന്ന സംവിധാനങ്ങളുടെ വിവരങ്ങൾ ലഭ്യമാകുമോ; | | |

| | | | |
|---|---|---|---|
| | | | കിറ്റുകൾ വിതരണം ചെയ്തു. സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം വഴിയുള്ള വിവര ശേഖരണമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടത്തിയത്. ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശ നഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000/- രൂപ, 60,000/- രൂപ, 1,25,000/- രൂപ, 2,50,000/- രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈയിൽ നിൽക്കുന്ന ഉപയോഗിക്കാതെയുള്ള ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി. ജീവനോപാധി നഷ്ടപ്പെട്ട വർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയ ബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത |

| | | | |
|---|---|---|---|
| | | | പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉചിതമായ തുക അനുവദിച്ചു പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു. |
| ഡി) | പ്രളയ ദുരന്തത്തിൽ നിന്ന് കേരളത്തെ കൈപിടിച്ചുയർത്തുന്നതിൽ റവന്യൂ സംവിധാനങ്ങളും റവന്യൂ വകുപ്പ് ജീവനക്കാരും വഹിച്ച പങ്ക് വ്യക്തമാക്കുമോ? | ഡി) | സമാനതകളില്ലാത്ത രക്ഷാ പ്രവർത്തനമാണ് ദുരന്തത്തിന്റെ തീഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും റവന്യൂ ഉദ്യോഗസ്ഥരടക്കമുള്ള സർക്കാർ ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ രക്ഷാ പ്രവർത്തനങ്ങൾക്കാണ് നാട് സാക്ഷ്യം വഹിച്ചത്. സർക്കാരും റവന്യൂ വകുപ്പ് അടക്കമുള്ള സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും എണ്ണയിട്ട യന്ത്രം പോലെ അക്ഷീണം പ്രയത്നിക്കുകയുണ്ടായി. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും, വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ